നിന്ന പണം കിട്ടേണ്ടതിലേക്ക അവകാശത്തക്കത്തിന്മേൽ വിഷമങ്ങൾ നേരിടുന്നുണ്ട്. അതു സംബന്ധിച്ചു ധാരാളം കേസുകളും ഉണ്ടായിട്ടുണ്ട്. ഇത്തരം കേസുകൾക്കും കാലതാമസത്തിനും ഇടകൊടുക്കാതിരിക്കത്തക്കവിലയിൽ ആവശ്യമായ ഭേദഗതികളോടുകൂടി ഈ ബിൽ നിയമമാക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. PRESIDENT: മി. താണുപിള്ള അവതരിപ്പിച്ച ട്രാവൻകോർ സേവിംഗ്സ് ബാങ്കുകളിൽ ഒരു സെലക്ട് കമ്മറ്റിക്ക അയയ്ക്കണമെന്നുള്ള അഭിപ്രായത്തോടു സഭ യോജിക്കുന്നതായി വിശ്വസിക്കുന്നു. (സഭ അനുകൂലിച്ചു)

സെലക്ട് കമ്മിറ്റിയിലേക്കുള്ള അംഗങ്ങളുടെ ലിസ്റ്റ് മി. താണുപിള്ള വായിക്കുന്നതാണ്.

HON'BLE MR. A. THANU PILLAI : താഴെ പറയുന്ന മെമ്പറന്മാരെ സെലക്ട് കമ്മിറ്റി അംഗങ്ങളായി ഞാൻ നിർദ്ദേശിക്കുന്നു.

1. Hon'ble Mr. A. Thanu Pillai
2. Mr. G. Ramachandran
3. ,, V. O. Markos
4. ,, Mannathu Padmanabha Pillai
5. ,, Abdul Azis
6. ,, K. Ramakrishnan Achari
7. ,, P. C. Adichan
8. ,, R. V. Thomas
9. ,, R. Sankar
10. ,, K. Sivarama Pillai

ഇതിന്റെ കോറം 5 ആയിരിക്കുന്നതാണ്.

MR. MANNATHU PADMANABHA PILLAI : മി. എം. സി. മാത്യുവിനെക്കൂടി ചേർത്താൽ കൊള്ളാം.

HON'BLE MR. A. THANU PILLAI : എനിക്ക അതിനു വിരോധമില്ല.

MR. A. ATCHUTHAN : ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. PRESIDENT : സെലക്ട് കമ്മറ്റിയിലെ പേരുവിവരം അടങ്ങിയ ലിസ്റ്റും കോറം 5 ആയിരിക്കുമെന്നുള്ളതും ഈ സഭ സ്വീകരിച്ചിരിക്കുന്നതായി വിചാരിക്കുന്നു. (സഭ അനുകൂലിച്ചു)

അടുത്തത് 'ദി ട്രാവൻകോർ ലാ റിഫാംസ് (മിസലേനിയസ് പ്രൊവിഷൻസ്)' ബിൽ ആണ്.

THE TRAVANCORE LAW REFORMS (MISCELLANEOUS PROVISIONS) BILL

HON'BLE MR. A. THANU PILLAI : ഈ സഭ മുൻപാകെ 'ദി ട്രാവൻകോർ ലാ റിഫാംസ് (മിസലേനിയസ് പ്രൊവിഷൻസ്) ബിൽ അവതരിപ്പിക്കുകയും അതു താഴെ പേരുവിവരം പറയുന്ന സെലക്ട് കമ്മിറ്റിക്ക

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. Thanu Pillai]

അയക്കണമെന്ന അഭിപ്രായപ്പെടുകയും ചെയ്യുന്നു. ഇതിന്റെ ഉദ്ദേശം ടാർട്ടിന്റെ, അതായതു് നിയമാനുസരണമായ ഒരു പ്രവൃത്തി നടത്താത്തതുകൊണ്ടു് ഒരാളിനുണ്ടാകാവുന്ന നഷ്ടത്തെ സംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽ ആ നഷ്ടം വരുത്തിയ ആൾ മരിച്ചുപോയാൽ ആ വ്യവഹാരത്തിന്റെ അവകാശവും ബാദ്ധ്യതയും നശിച്ചുപോകും എന്നാണു് ഇപ്പോൾ വ്യവസ്ഥയുള്ളതു്. അതു് ഈ കാലസ്ഥിതിക്കു യോജിച്ചതല്ല. അതുകൊണ്ടു് ഇങ്ങനെ വരുന്ന സന്ദർഭങ്ങളിൽ ആ വ്യവഹാരകാരണം തുടർന്നുകൊണ്ടുപോകണമെന്നുള്ള ഇന്നത്തെ അഭിപ്രായഗതിയനുസരിച്ചു് ആവശ്യമുള്ള നിയമനിർമ്മാണമാണു്, ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്. ഇതിൽ ആദ്യത്തെ ഭാഗത്തിൽ ടാർട്ടസംബന്ധമായ വ്യവഹാരകാരണത്തെപ്പറ്റിയും മരണംകൊണ്ടു വ്യവഹാരകാരണം എങ്ങനെ ബാധിക്കുമെന്നുള്ളതിനെപ്പറ്റിയും അതുകൊണ്ടു് അവ നശിച്ചുപോകാതിരിക്കുന്നതിനുള്ള വ്യവസ്ഥകളെപ്പറ്റിയും പറയുന്നു. ആദ്യത്തെ ഏഴു ക്ലാസുകളിലായി പറയുന്നതു് ഇതാണു്. രണ്ടാമത്തെ ഭാഗത്തു രണ്ടു മെംബറന്മാർ ഒരുമിച്ചോ പിന്നെ ഉണ്ടാവുന്ന കാര്യങ്ങളിൽ ഒരാൾ വരുത്തിയ നഷ്ടത്തിൽ മറ്റെയാളിനെ എങ്ങനെ വീതപ്രകാരം ചേർക്കാം എന്ന വ്യവസ്ഥ ചെയ്തിരിക്കുന്നു. പിന്നെ ടാർട്ടസംബന്ധമായി വേറെ ഒരു സംഗതി കൂടിയുണ്ടു്. അതായതു് ഏതൊരു പ്രവൃത്തിമൂലം ബീക്കു് നഷ്ടംവന്നാൽ അതിനു ചിലപ്പോൾ ബീയും ഉത്തരവാദിയായിരിക്കും. അങ്ങനെ വന്നാൽ എത്രത്തോളമാണു് ബീക്കു നഷ്ടം വരുത്തിയതെന്നുള്ളതിനെപ്പറ്റിയും മറ്റും മൂന്നാമത്തെ ഭാഗത്തിൽ, അതായതു് 8-ാമത്തെ വകുപ്പിൽ, വ്യവസ്ഥചെയ്തിരിക്കുന്നു. ഇപ്പോഴത്തെ നിയമനിർമ്മാണത്തിനും നടത്തിപ്പിനും അനുസരണമായി നമുക്കും ഇതുസംബന്ധിച്ചു നിയമം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു്. ഈ ബില്ലിനെ ഈ സഭ അംഗീകരിക്കണമെന്നും ഇതു ഒരു സെലക്ട് കമ്മിറ്റിയിലേക്കു അയയ്ക്കുവാൻ സഭ അനുവദിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

MR. PRESIDENT : ഈ ബില്ലിന്റെ തത്വത്തോടു സഭ യോജിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. (സഭ അനുകൂലിച്ചു.) മി: താണുപിള്ള സെലക്ട് കമ്മിറ്റിയിലെ അംഗങ്ങളുടെ പേരുവിവരം വായിക്കുന്നതാണു്.

HON'BLE MR. A. THANU PILLAI : ഈ ബില്ലും ഫോറൻ അക്കൗണ്ട്സ് സിഡിക്കേഷൻസ് ബില്ലും ഒരേ സെലക്ട് കമ്മിറ്റിക്കുതന്നെ അയയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. സെലക്ട് കമ്മിറ്റിയിലെ അംഗങ്ങളുടെ പേരുവിവരം ഇതാണു്.

LIBRARY ARCHIVES Kerala Legislative Assembly

1. Hon'ble Mr. A. Thanu Pillai
2. Mr. E. John Philipose
3. ,, A. Nesamony
4. ,, P. K. Kunju
5. ,, T. T. Kesavan Sastri
6. ,, K. N. Sankunni Pillai
7. ,, G. Nilakantan
8. ,, A. P. Udayabhanu
9. ,, R. Atchuthan
10. ,, N. V. Chacko
11. ,, K. A. Gangadhara Menon
12. Miss. Accamma Cherian
13. Mr. K. Sivarama Pillai
14. ,, P. Chacko
15. ,, K P. Nilakanta Pillai

ഇതിന്റെ കോറം ന്യൂ ആയിരിക്കുന്നതാണ്.

MR. A. ATCHUTHAN : ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. PRESIDENT : സെലക്ട് കമ്മിറ്റിയിലെ ലിസ്റ്റും കോറം ന്യൂ ആയിരിക്കുന്നമെന്നുള്ളതും സഭ സ്വീകരിച്ചതായി വിചാരിക്കുന്നു. (സഭ അനുമതിച്ചു.) അടുത്തത് ട്രി ടാക്സേഷൻ ലോ ഫോർ സൊസൈറ്റി ബിൽ ആണ്.

HON'BLE MR. A. THANU PILLAI : ആ ബിൽ ഇപ്പോൾ ഞാൻ അവതരിപ്പിക്കുന്നില്ല.

MR. PRESIDENT : മണി 2 ആയിരിക്കുന്നു. അടിയന്തിര പ്രമേയം അവതരിപ്പിക്കുവാൻ മിസ്സിസ്സ് ദേവകി ജി. ഗോപിദാസിനെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

ADJOURNMENT MOTION.

MRS. DEVAKI GOPIDAS (*Kottayam I General*) : സർ, തിരുവിതാംകൂറിൽ ഇക്കൊല്ലത്തെ ഇംഗ്ലീഷ് സ്കൂൾഫൈനൽ പരീക്ഷാ പാസ്സായിട്ടുള്ള ബഹുഭൂരിപക്ഷം കുട്ടികൾക്കും തിരുവിതാംകൂർ കോളേജുകളിൽ പ്രവേശനം കിട്ടുവാൻ നിവൃത്തിയില്ലാതെ കുട്ടികളും രക്ഷകന്മാരും അനുഭവിക്കുന്ന സങ്കടാവസ്ഥയേയും അതിനൊരു പരിഹാരം ഉണ്ടാക്കുന്നതിനേയും കുറിച്ചു വാദപ്രതിവാദം ചെയ്യുന്നതിനായി ഒരു അടിയന്തിരപ്രമേയം ഞാൻ ഈ സഭയിൽ അവതരിപ്പിച്ചുകൊണ്ട് മന്ത്രിസംഗതികൾ സഭയുടെ സാമാന്യശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കുന്നു.

സർ, കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ച് ഇക്കൊല്ലം ഭൂരിഭാഗം കുട്ടികൾ സ്കൂൾഫൈനൽ പരീക്ഷയിൽ വിജയികളായിട്ടുണ്ടെന്നു നമു

LIBRARY ARCHIVES Kerala Legislative Assembly